II. ശ്രദ്ധ ക്ഷണിക്കൽ

നിയമസഭാ സാമാജികനായ ശ്രീ. സി. എം. സുന്ദരത്തിന്റെ പുത്രൻ ശ്രീ. പ്രകാശിനെ കൊലചെയ്തത് സംബന്ധിച്ച്

9·30 am.] ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: സർ, പോലീസിന്റെയും എക്സൈസ് വകുപ്പിന്റെയും ക്രൂരവും പ്രതിഷേധാർഹവുമായ അനാസ്ഥയുടേയും നിരുത്തരവാദിത്വത്തിന്റെയും ഫലമായി ഈ സഭയിലെ ബഹുമാനപ്പെട്ട ഒരംഗമായ ശ്രീ. സി. എം. സുന്ദരത്തിന്റെ ഏകപുത്രനും ബീകോം വിദ്യാർത്ഥിയുമായ ശ്രീ. പ്രകാശ് നിർദ്ദയമായി കൊല ചെയ്യപ്പെട്ട ആ ദാരുണമായ സംഭവത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാനാഗ്രഹിക്കുകയാണ്.

തമിഴ്നാട്ടിൽനിന്നും ദിവസേനയെന്നോണം ആയിരക്കണക്കിന് ആളുകൾ കേരളത്തിൽ കടന്നുവന്ന് തെരുവീഥികളിലും നടുറോഡിലും വച്ച് മദ്യപിച്ച് ജനങ്ങളുടെ സൈരജീവിതം താറുമാറാക്കുകയാണ്. ആ കാര്യത്തിൽ സത്വരമായ അന്വേഷണം നടത്തി വേണ്ട നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുവാൻവേണ്ടിയാണ് ഞാൻ ഈ കാര്യം ഇവിടെ ഉന്നയിച്ചത്.

സെപ്തംബർ 3-ാംതീയതി കല്പാത്തിയിൽ ശബരി കല്യാണ മണ്ഡപത്തിൽവച്ച് നടക്കാൻപോകുന്ന കല്യാണത്തിനാണെന്നു പറഞ്ഞുകൊണ്ട് കുറേ ആളുകൾ അവിടെ വരികയുണ്ടായി. അവർ മൂക്കറ്റം മദ്യപിച്ചുകൊണ്ട് വളരെയേറെ സ്ത്രീകളും കുഞ്ഞുങ്ങളും താമസിക്കുന്ന കല്പാത്തി തെരുവീഥിയിൽക്കൂടി ലക്ക് ഇല്ലാതെ നടന്ന് നഗ്നനൃത്തമാടുകയുണ്ടായി. ഒരു വീടിന്റെ മുമ്പിൽ കുറേ സ്ത്രീകൾ വളഞ്ഞിരിക്കുകയായിരുന്നു. ആ അവസരത്തിൽ അവരുടെ വീട്ടിനുമുമ്പിൽ ഇവർ നഗ്നരായി മൂത്രമൊഴിക്കുവാൻ പോയി. അതിൽ അവിടെയുള്ളതായ ആളുകൾ ശക്തിയായി പ്രതിഷേധിച്ചു. പിന്നീട് അല്പം കശപിശയുണ്ടായതിനുശേഷം അവരെ തിരികെ കല്യാണമണ്ഡപത്തിലേയ്ക്ക് പറഞ്ഞയച്ചു. കുറേ കഴിഞ്ഞതിനുശേഷം അവർ വീണ്ടും കുറെയധികം ആളുകളുമായി ആ തെരുവിലേയ്ക്കു വന്ന് ലുങ്കിയുടുത്ത ഒരു ചെറുപ്പക്കാരൻ കല്ലെറിഞ്ഞു എന്നായിരുന്നു അവരുടെ പരാതി. ആ ചെറുപ്പക്കാരനെ തേടിയാണ് പിന്നീടും അവർ അവിടെ വന്നത്. ശ്രീ. സുന്ദരത്തിന്റെ ഏക മകൻ പ്രകാശ് അദ്ദേഹത്തിന്റെ വീട്ടിൽ പശുവിന് വയ്ക്കോൽ കൊടുത്തുകൊണ്ട് നിൽക്കുകയായിരുന്നു. അദ്ദേഹം ലുങ്കിയായിരുന്നു ഉടുത്തിരുന്നത്. പശുവിന് വയ്ക്കോൽ കൊടുത്തുകൊണ്ടു നിൽക്കുമ്പോഴാണ് തെരുവിൽ ഒച്ച കേൾക്കുകയും അദ്ദേഹം പുറത്തുവരികയും ചെയ്തപ്പോഴാണ് അക്രമികൾ ചാടിവന്ന് ആ കുട്ടിയുടെ കൈരണ്ടും പിടിച്ച് ഇവനാണ് ലുങ്കിയുടുത്തവൻ എന്നുപറഞ്ഞുകൊണ്ട് ആ കുട്ടിയെ കുത്തുകയുണ്ടായി. കുത്തിന്റെ ഫലമായി ആ കുട്ടി അവിടെത്തന്നെ രക്തത്തിൽ നിലംപതിച്ചു, ബഹളം കേട്ട് ഓടിയെത്തി, ആ കുട്ടിയെ രക്ഷിക്കാൻ ചെന്ന ആളുകളെയും ആ അക്രമികൾ കുത്തി. ഈ സംഭവത്തിനു മുമ്പുതന്നെ അക്രമപ്രവർത്തനം തുടങ്ങിയ അവസരത്തിൽത്തന്നെ, സൈരജീവിതം അലങ്കോലപ്പെടുത്തുവാൻ ശ്രമിച്ചയുടനെതന്നെ പോലീസിനെ വിവരം അറിയിക്കുകയുണ്ടായി. ശ്രീനിവാസയ്യരും ചാമക്കുട്ടി അയ്യരും ഫോണിൽക്കൂടി കൺട്രോൾറൂമിൽ

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ടു. അടിയന്തിരമായും അവിടെ പോലീസ് എത്തണമെന്നു പറഞ്ഞുകൊണ്ട് ഒരുമണിക്കൂർ മുമ്പേ പോലീസിൽ വിവരം അറിയിച്ചതാണ്. പക്ഷേ കൺട്രോൾ റൂമിൽനിന്നും ആരുംതന്നെ വന്നിരുന്നില്ല. പോലീസ് തക്കസമയത്ത് അവിടെ എത്തിയിരുന്നുവെങ്കിൽ ശ്രീ. സുന്ദരത്തിന്റെ ഏകപുത്രൻ മരണമടയുമായിരുന്നില്ല. ശ്രീ. സുന്ദരത്തിന്റെ അനുജനും ജ്യേഷ്ഠനും മക്കളില്ല. സഹോദരിക്ക് ആൺമക്കളില്ല. പിന്നെ ആ കുടുംബത്തിലെ ഏകമകനാണ് ശ്രീ. പ്രകാശ്. അവിടെ നിരന്തരമായി മദ്യപാനികളും നടത്തുന്ന അക്രമം ചെറുതൊന്നുമല്ല. ആയിരക്കണക്കിന് ആളുകളും തമിഴ്നാട്ടിൽനിന്നും ഇവിടെ വന്ന് സ്ഥലവാസികളുടെ സൈര ജീവിതം തടസ്സപ്പെടുത്തുകയാണ്. ലൈസൻസില്ലാതെ നടത്തുന്ന കള്ളുഷാപ്പുകളുടെ ഉപഷാപ്പുകളും വീടുകളിലും റോഡരുകിലും നടത്തുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. എക്സൈസ് ഉദ്യോഗസ്ഥൻമാരുടെ സഹായത്തോടുകൂടിയാണ് 100 കണക്കിനു ഉപഷാപ്പുകളും അവിടെ ലൈസൻസില്ലാതെ നടത്തുന്നത്. ഈ കാര്യം ഖേദത്തോടുകൂടി പറയാതിരിക്കുവാൻ സാധിക്കുകയില്ല. ഒരുമണിക്കൂർ മുമ്പേ പോലീസിൽ വിവരം അറിയിച്ചിട്ടും പോലീസ് വരാതിരിക്കുകയും, അവർ അനാസ്ഥ കാണിക്കുകയും ചെയ്തതുകൊണ്ടാണ് ശ്രീ. സുന്ദരത്തിന്റെ ഏകപുത്രൻ മരണപ്പെട്ടത്. ആ സംഭവത്തെക്കുറിച്ച് നിശ്ചയമായും അടിയന്തിരമായി ഒരന്വേഷണം നടത്തണം. ശനി, ഞായർ ദിവസങ്ങളിൽ ആയിരക്കണക്കിന് ആളുകളും പാലക്കാട്ടുവന്ന് അവിടത്തെ സൈരജീവിതം അലങ്കോലപ്പെടുത്തുകയാണ്. അതിനെക്കുറിച്ച് അന്വേഷിക്കുകയും അവിടത്തെ ജനങ്ങൾക്ക് സൈരജീവിതം നയിക്കുവാൻവേണ്ട അവസരം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, ശ്രീ. എൻ. കെ. ബാലകൃഷ്ണൻ ഇവിടെ വിവരിച്ചമാതിരിയുള്ള ഒരു സംഭവം സെപ്റ്റംബർ 2-ാം തീയതി കൽപ്പാത്തിയിൽ നടക്കുകയുണ്ടായി. നമ്മുടെ പ്രിയ സുഹൃത്തായ, ഈ സഭയിലെ ഒരംഗമായ ശ്രീ. സി. എം. സുന്ദരത്തിന്റെ 22 വയസ്സുള്ള പ്രായമുണ്ടായിരുന്ന ഏകമകൻ പ്രകാശ് കൊല ചെയ്യപ്പെട്ടു. തീർച്ചയായും ഈ സമയത്ത് ആദ്യമായി ഈ സഭയിലുള്ള അംഗങ്ങളുടെ അനുശോചനം രേഖപ്പെടുത്തുകയാണ്. വാക്കുകളും കൊണ്ടുമാത്രമേ നമുക്ക് ഈ സന്ദർഭത്തിൽ നമ്മുടെ പ്രിയസുഹൃത്തിനെ സാന്ത്വനപ്പെടുത്തുവാനാകൂ. ഈ സംഭവവിവരം ഞാൻ ആവർത്തിക്കേണ്ട കാര്യമില്ല. കാരണം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ മിക്കകാര്യങ്ങളും ശരിയാണ്. സെപ്റ്റംബർ 3-ാം തീയതിയുള്ള ഒരു കല്യാണത്തിനുവേണ്ടി കോയമ്പത്തൂരിൽനിന്നും വന്ന ആളുകളാണ് ഈ അക്രമം നടത്തിയത്. കൽപ്പാത്തി തെരുവിൽ മദ്യപാനികളുടെ വഴക്ക് ഉണ്ടായി. ചില കാര്യങ്ങളൊക്കെ അപ്പോഴും അവിടെ നടന്നു. ആ സമയത്ത് ശ്രീനിവാസ അയ്യരും സഹസ്രനാമ അയ്യരും അവിടെ താമസമുള്ള മറ്റാളുകളും ഇവരുടെ അനാശാസ്യ നടപടിയെ ചോദ്യം ചെയ്തു. അതിനെത്തുടർന്ന് അവർതമ്മിൽ കുറേ കശപിശയുണ്ടായി. അതിനിടയിൽ മറ്റു ചിലരും അവിടെ വന്നു. അവർക്കാർക്കും ഈ സംഭവവുമായി യാതൊരു പങ്കും ഉണ്ടായിരുന്നില്ല.

മണിയെന്ന ഒരാളുടെ നേതൃത്വത്തിലുള്ള അക്രമികളാണ് ഈ സമയത്ത് പ്രകാശിനെ ആക്രമിച്ചത്. ഇവിടെ പറഞ്ഞതുപോലെ അദ്ദേഹം ലുങ്കിയാണ് ഉടുത്തിരുന്നത്. കൂടുതൽ വിവരങ്ങൾ ഇപ്പോൾ പറയാൻ സാധ്യമല്ല. ഈ കേസ്സിനെപറ്റി അന്വേഷിച്ചുകൊണ്ടിരിക്കുന്ന സമയമാണ്. യാതൊരു പ്രകോപനവുമില്ലാതെയാണ് പ്രകാശിന്റെനേരെ

LIBRARY ARCHIVES Kerala Legislative Assembly

ആക്രമണമുണ്ടായതെന്നാണ് ഗവൺമെൻറിന് കിട്ടിയിട്ടുള്ള റിപ്പോർട്ട്. അതേത്തുടർന്ന് കൂടുതൽ ആളുകൾ അവിടെ ഓടിക്കൂടി. അവരേയും ഈ ആക്രമികൾ ആക്രമിച്ചു. പ്രകാശിനെക്കൂടാതെ മുന്ന് ആളുകൾക്കും കൂടി ഗുരുതരമായ പരിക്കുപറ്റി. മൂന്നുപേരെയും ഉടൻതന്നെ ആശുപത്രിയിലേയ്ക്ക് കൊണ്ടുപോയി. നിർഭാഗ്യവശാൽ ആശുപത്രിയിൽ എത്തുന്നതിനുമുമ്പ് വഴിക്കുവച്ചുതന്നെ പ്രകാശ് മരണമടയുകയാണ് ഉണ്ടായത്. എന്റെ കൈവശമുള്ള വിവരമനുസരിച്ച് ഈ സംഭവം നടക്കുന്നത് ഒൻപതു മണിയ്ക്കാണ്. കൺട്രോൾറൂമിൽ ഒമ്പതര മണിയ്ക്കാണ് ഈ സംഭവത്തെപ്പറ്റി വിളിച്ച് അറിയിച്ചതെന്നാണ് എന്റെ മുമ്പിലുള്ള റിപ്പോർട്ട്. ഒൻപതര മണിയ്ക്ക് വിവരം കിട്ടിയ ഉടൻതന്നെ കൺട്രോൾ റൂമിന്റെ ചാർജ്ജുള്ള സബ് ഇൻസ്പെക്ടർ ഉടൻതന്നെ ഡി.എസ്.പി. യേയും സർക്കിൾ ഇൻസ്പെക്ടറേയും പാലക്കാട്ടെ ടൗൺ പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടറേയും വിവരം അറിയിച്ചതിനുശേഷം എ.ആർ.പി. പാർട്ടിയുമായി സംഭവസ്ഥലത്ത് എത്തുകയും ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുകയും ചെയ്തു. അതിനുമുമ്പ് ഈ പ്രത്യേക സംഭവത്തെപ്പറ്റി എന്തെങ്കിലുമൊരു മുന്നറിയിപ്പ് അവർക്ക് കിട്ടിയതായിട്ട് എനിക്ക് വിവരം കിട്ടിയിട്ടില്ല. അങ്ങനെ എന്തെങ്കിലും വിവരം കിട്ടിയിട്ട് ഉടനെ നടപടി എടുക്കാത്തതുകൊണ്ടാണോ ഇത് തടയാൻ കഴിയാതിരുന്നതെന്നുള്ള വിവരം ഇപ്പോഴും എന്റെ മുമ്പിലുള്ള റിപ്പോർട്ടിൽ ഇല്ല. പോലീസ് വന്ന ഉടൻതന്നെ ശബരി കല്യാണമണ്ഡപത്തിൽ പോയി. അവിടെ ഈ അക്രമികളും ഉൾപ്പെടെ പലരും ഉണ്ടായിരുന്നു. അവരിൽ നിന്നും നാലു പ്രതികളെ അറസ്റ്റ് ചെയ്യുകയും ആയുധങ്ങൾ കണ്ടെടുക്കുകയും ചെയ്തു. അവർക്കെതിരായി കേസ്സ് ചാർജ്ജ് ചെയ്തിട്ടുണ്ട്. അവർ ഇപ്പോൾ കസ്റ്റഡിയിലിരിക്കുകയാണ്. ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്. ഉടൻതന്നെ കേസ്സ് ചാർജ്ജ് ചെയ്യുന്നതാണ്. ഇതാണ് ഇതുസംബന്ധിച്ചുള്ള വിവരം. പൊതുവിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഒരു സ്ഥിതി അവിടെയുണ്ട്. അതായത് തമിഴ്നാട്ടിൽനിന്ന് ചില പ്രത്യേക ദിവസങ്ങളിൽ പ്രത്യേകിച്ചും ശനിയാഴ്ചയും ഞായറാഴ്ചയും കുറെ ആളുകൾ വരികയും മദ്യപിക്കുകയും അതേത്തുടർന്ന് ചില പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. പാലക്കാട്ടും തമിഴ് നാടിനോട് അടുത്ത ചില സ്ഥലങ്ങളിലും ഇങ്ങനെ നടക്കുന്നുണ്ട്. ഇന്ന് ഇതൊരു പ്രശ്നമാണ്. ഇതു സംബന്ധിച്ച് ഗവൺമെൻറ് കർശനമായ നടപടി സ്വീകരിക്കുന്നതാണ്. നമ്മുടെ നിയമസമാധാനം ലംഘിക്കുകയും സമാധാനമായി ജീവിക്കുന്ന ആളുകൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുകയും ചെയ്യുന്ന ഇതുപോലുള്ള അക്രമങ്ങൾ അനുവദിക്കുകയില്ല. ആ അക്രമങ്ങൾക്കെതിരായി കർശനമായ നടപടി സ്വീകരിക്കും. ഈ പ്രത്യേക പ്രശ്നത്തെ സംബന്ധിച്ച് പോലീസിന് യാതൊരു മുന്നറിയിപ്പും കിട്ടിയിട്ടില്ലെന്നാണ് എനിക്ക് കിട്ടിയിട്ടുള്ള റിപ്പോർട്ട്. ഈ സംഭവത്തെപ്പറ്റിയുള്ള കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് ഇപ്പോൾ പ്രവേശിക്കുന്നത് ഒരു കേസ്സ് നിലവിരിക്കുന്നതുകൊണ്ട് ശരിയായിരിക്കുമെന്ന് എനിക്ക് തോന്നുന്നില്ല.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: ഈ സംഭവത്തിനുമുമ്പ് ആദ്യമായിട്ട് ഇവർ അക്രമം അഴിച്ചുവിട്ട അവസരത്തിൽതന്നെ പോലീസ് കൺട്രോൾറൂമിൽ വിളിച്ച് അറിയിച്ചു. ആ അവസരത്തിൽ അവിടെ വാൻ ഇല്ലെന്ന് പറയുകയുണ്ടായി. എന്തെങ്കിലും തരത്തിൽ സംഭവസ്ഥലത്ത് എത്തണമെന്ന് ഫോണിൽക്കൂടി അറിയിച്ചിട്ടും പോലീസ് വന്നില്ല. ഈ

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തെപ്പറ്റി ഒരു റവന്യൂ ബോർഡ് മെമ്പറെക്കൊണ്ടെങ്കിലും അന്വേഷിപ്പിക്കാൻ മുഖ്യമന്ത്രി തയ്യാറാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: എന്റെ കൈവശമുള്ള വിവരമാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഈ വിവരം ശരിയാണെങ്കിൽ അതെപ്പറ്റി അന്വേഷിക്കാം.

III. മേശപ്പുറത്തുവച്ച കടലാസുകൾ

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, ഞാൻ താഴെ പറയുന്നവ മേശപ്പുറത്ത് വയ്ക്കുന്നു.

(1) 1979 ജൂലായ് 2-ാം തീയതിയിലെ ജി. ഒ. (എം. എസ്.) നമ്പർ 362/79/ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 836/79).

(2) 1979 ജൂൺ 24-ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 416/79/ ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 872/79).

(3) 1977 നവംബർ-ഡിസംബർ മാസങ്ങളിൽ ആലുവായിലും പരിസരപ്രദേശങ്ങളിലും നടന്ന സംഭവങ്ങളുടെ കാരണങ്ങളെയും ഗതിയെയും സംബന്ധിച്ച് ജസ്റ്റിസ് ശ്രീ. ഇ. കെ. മൊയ്തു അന്വേഷണ കമ്മീഷന്റെ റിപ്പോർട്ടും അതിൻമേൽ ഗവൺമെന്റു കൈക്കൊണ്ട നടപടികളുടെ മെമ്മോറാണ്ടവും.

(4) 1979 ജൂലായ് 23-ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 411/79/ ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 871/79).

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബി ജോൺ): സർ, ഞാൻ താഴെ പറയുന്നവ മേശപ്പുറത്ത് വയ്ക്കുന്നു.

(1) 1979 ജൂൺ 26-ാം തീയതിലെ ജി. ഒ. (പി.) നമ്പർ 934/79/ ആർ. ഡി. (എസ്. ആർ. ഒ. നമ്പർ 792/79).

(2) 1979 ജൂലായ് 11-ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 970/ 79/ആർ. ഡി. (എസ്. ആർ. ഒ. നമ്പർ 844/79).

(3) 1979 ജൂൺ 29-ാം തീയതിയിലെ ജി. ഒ. (എം. എസ്.) നമ്പർ 944/79/ആർ. ഡി. (എസ്. ആർ. ഒ. നമ്പർ 743/79).

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, ഞാൻ താഴെ പറയുന്ന ജി. ഒ. മേശപ്പുറത്ത് വയ്ക്കുന്നു.

1979 മേയ് 29-ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 98/79/ഹയർ എഡ്യൂക്കേഷൻ (എസ്. ആർ. ഒ. നമ്പർ 650/79).

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ): സർ, ഞാൻ താഴെ പറയുന്നവ മേശപ്പുറത്ത് വയ്ക്കുന്നു.

(1) 1979 ജൂലായ് 4-ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 580/79/ ഫിനാൻസ് (എസ്. ആർ. ഒ. നമ്പർ 920/79).

(2) ഇൻഡ്യയുടെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ 1977-78 വർഷത്തേക്കുള്ള റിപ്പോർട്ട്, കേരള ഗവൺമെന്റിനെ (വാണിജ്യം) സംബന്ധിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly